# കേരള കാർഷിക സർവ്വകലാശാല

കുരുമുളക് ഗവേഷണ കേന്ദ്രം, കാഞ്ഞിരങ്ങാട് പി.ഒ,
പന്നിയൂർ, പിൻ: 670142

Ph. No.04602227287
Email.prspanniyur@kau.in

പി.1-1603/2024 തീയ്യതി 04.11.2024

## കൊട്ടേഷൻ പരസ്യം

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിലേയ്ക്ക് സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനായി മുദ്രവച്ച കൊട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി ഒരുവർഷമായിരിക്കും.

മുദ്രവച്ച കൊട്ടേഷനുകൾ 15.11.2024 തീയ്യതി 3 മണിക്ക് മുൻപായി അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. "സെക്യൂരിറ്റി ജോലിക്കാരെ ലഭ്യമാക്കുന്നതിനുള്ള കൊട്ടേഷൻ" എന്ന് കവറിന് പുറത്ത് എഴുതേണ്ടതാണ്. കൊട്ടേഷനോടൊപ്പം നിരതദ്രവ്യം 500/- രൂപ കേന്ദ്രം ഓഫീസിൽ അടയ്ക്കേണ്ടതാണ്.

ഒരു സെക്യൂരിറ്റി ഗാർഡിന്റെ 12 മണിക്കൂർ ജോലിക്കുള്ള വേതനമാണ് എഴുതേണ്ടത്.

| | | |
|---|---|---|
| വയസ്സ് | : | 2024 ജനുവരി 1 ന് 65 വയസ്സ് പൂർത്തിയാകാത്തവരായിരിക്കണം |
| വിദ്യാഭ്യാസ യോഗ്യത | : | കുറഞ്ഞത് എട്ടാം ക്ലാസ്സ് പാസായിരിക്കണം. വിമുക്തഭടനായിരിക്കണം. വിമുക്തഭടൻമാരുടെ അഭാവത്തിൽ മാത്രം മറ്റുള്ളവരെ പരിഗണിക്കുന്നതാണ് |
| ശാരീരിക യോഗ്യത | : | കുറഞ്ഞത് 165 സെ.മീ ഉയരം, നല്ല കായിക ക്ഷമത, സൈക്കിളിംഗ് അറിഞ്ഞിരിക്കണം. |
| മറ്റ് അഭിലഷണീയ യോഗ്യതകൾ | : | സെക്യൂരിറ്റി ജോലിയിൽ ഗവൺമെന്റ് സ്ഥാപനങ്ങളിൽ മുൻപരിചയം ഉള്ളവർക്കും മുൻഗണന. |

(മറുപുറം)

ആവശ്യമായ ഗാർഡുകളുടെ എണ്ണം- 2 (ദിവസേന 12+12 മണിക്കൂർ)

ക്വട്ടേഷനോടൊപ്പം വയസ്സ്, യോഗ്യത മുൻപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കേരള സൈനിക ക്ഷേമ വകുപ്പ് നൽകുന്ന വിമുക്തഭടനാണെന്ന് തെളിയിക്കുന്ന ഐഡന്റിറ്റി കാർഡ്/ ഡിസ്ചാർജ് ബുക്ക്/പെൻഷൻ പെയ്മെന്റ് ഓർഡർ എന്നിവ ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.

അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3.30 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ക്വട്ടേഷൻ സമർപ്പിക്കുന്നവർ 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. കരാർ കാലാവധി കഴിയുമ്പോൾ തുക മടക്കി നൽകുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡ് പതിവായും കൃത്യമായും ജോലിക്ക് ഹാജരാകേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ഗാർഡ് ഡ്യൂട്ടി സമയത്ത് യൂണിഫോമും ഐഡന്റിറ്റി കാർഡും നിർബന്ധമായും ധരിക്കേണ്ടതാണ്.

വേതനം മാസാന്ത്യത്തിൽ സമർപ്പിക്കുന്ന ബിൽ/ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ നൽകുന്നതായിരിക്കും. കാലാകാലങ്ങളിൽ നിലവിലുള്ള നിരക്കനുസരിച്ച് ആദായ/സേവന നികുതി/മറ്റേതെങ്കിലും നികുതികൾ അടക്കേണ്ടതുണ്ടെങ്കിൽ അതും സെക്യൂരിറ്റി വേതനത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്ന ക്വട്ടേഷണർ 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

ക്വട്ടേഷണറുടെ സേവനം തൃപ്തികരമല്ലെങ്കിൽ 7 ദിവസത്തെ മുൻകൂർ നോട്ടീസോടെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഡോ. വിക്രം എച്ച്.സി

അസി. പ്രൊഫസർ & ഹെഡ്

പകർപ്പ്:

1. നോട്ടീസ് ബോർഡ്. (പി.ആർ.എസ്, കെ.വി.കെ കണ്ണൂർ)
2. കുറുമാത്തൂർ പഞ്ചായത്ത് ഓഫീസ്
3. പന്നിയൂർ വില്ലേജ് ഓഫീസ്
4. ഓഫീസർ ഇൻ ചാർജ് (ഫാം )
5. സൈനിക ക്ഷേമ വകുപ്പ്, കണ്ണൂർ

KERALA AGRICULTURAL UNIVERSITY
PANNIYUR - 670 142
Date.............
PEPPER RESEARCH STATION